# REVELATION

## CHAPTER - 12

7-ാം കാഹളം ഊതിയെന്ന് 11:15 ൽ നാം കണ്ടു. എന്നാൽ അതിന്റെ ശേഷം നടക്കാനുള്ള ഭീകരമായ രംഗങ്ങൾ ഇനിയും 16-ാം അദ്ധ്യായത്തിലാണ് വിവരിക്കുന്നത്. CH:12 To 15 അന്ത്യകാല സംഭവങ്ങളെ വേറൊരു "perspective" ൽ നോക്കിക്കാണുന്നു.

12 & 13 അദ്ധ്യായങ്ങളിൽ 7 വ്യക്തിത്വങ്ങളെ (Seven personages) നാം കാണും.

1) Woman clothed with sun- സൂര്യനെ അണിഞ്ഞ സ്ത്രീ.- Israel

2) Red draggon with seven heads & 10 horns- തീ നിറമുള്ള മഹാസർപ്പം- Satan

3) Male Child- ആൺകുട്ടി - Christ

4) Arch Angel - Michael

5) Off springs of the woman - ആൺകുട്ടിയെ പ്രസവിച്ച സ്ത്രീ-ശേഷിക്കുന്ന യിസ്രായേല്യ സന്തതി

6) Beast out of the Sea- സമുദ്രത്തിൽ നിന്നും കയറുന്ന മൃഗം - അന്തി ക്രിസ്തു Anti Christ

7) Beast out of the earth- ഭൂമിയിൽ നിന്നും കയറുന്ന മൃഗം- False Prophect.

(1)12: 1- 2 - സ്വർഗ്ഗത്തിൽ വലിയോരു അടയാളം- A great sign!!

- സൂര്യനെ അണിഞ്ഞ ഒരു സ്ത്രീ. കാൽകീഴ് ചന്ദ്രൻ. തലയിൽ 12 നക്ഷത്രം കൊണ്ടുള്ള കിരീടം.

Gen.37: 9-11 Sun & Moon - Jacob & Rachel. Joseph's parents.

12 stars- 12 male children of Jacob. - അപ്പോൾ സ്ത്രീ ആര്.

അബ്രാഹമിനോടുള്ള ദൈവത്തിന്റെ ഉടമ്പടി നിവൃത്തിക്കുന്ന സ്ത്രീ- "യിസ്രായേൽ ജാതി"

മറ്റ് അഭിപ്രായങ്ങൾ- (1) ക്രിസ്തീയ സഭ (2) Mary, the mother of Jesus

(1) സഭ മണവാട്ടിയാണ്. ഭാര്യ അല്ല. അതിനാൽ ഈ സ്ത്രീ സഭ അല്ല.

(2) സ്ത്രീ ഇന്നും ലോകത്തിലുണ്ട്. മഹോപദ്രവകാലത്തും അവൾ ലോകത്തിലുണ്ടായിരിക്കും. അതിനാൽ ഈ സ്ത്രീ വിശുദ്ധ കന്യമറിയം അല്ല.

12: 2 "യിസ്രായേൽ എന്ന രാഷ്ട്രം". woman was pregnent and about to give birth.

- സാഹചര്യവും സന്ദർഭവും ഇതിന് യോജിക്കുന്ന വ്യാഖ്യാനം - യിസ്രായേൽ എന്ന രാഷ്ട്രം കഷ്ടതയുടെയും പീഡനത്തിന്റെയും തീച്ചൂളയിലൂടെ കടന്നു പുറത്തു വരുന്നു. അടുത്ത വാക്യങ്ങൾ ഈ വ്യാഖ്യാനത്തെ ന്യായീകരിക്കുന്നതു നാം കാണും. 2000 വർഷത്തെ ചിതറിപ്പോകലിനു ശേഷം യിസ്രായേൽ ഒരു രാഷ്ട്രമായി 1948 മേയ് മാസത്തിൽ സ്ഥാപിക്കപ്പെട്ടു. എതിർപ്പിന്റെ നടുവിൽ, ശത്രുക്കളുടെ മുമ്പിൽ ഒരു രാഷ്ട്രം പിറന്നു (Isa.66:6,7,8 Micah.4:10)

(2) 12: 3-4 രണ്ടാമത്തെ അടയാളം: തീ നിറമുള്ള മഹാസർപ്പം- 7 തല - 10 കൊമ്പ്- 7 രാജമുടി Daniel 7:7-8, 24 Rev 13: 1 - ലോക രാഷ്ട്രങ്ങളുടെ മേൽ സാത്താൻ അധികാരം ഉറപ്പിച്ചിരിക്കുന്ന കാഴ്ച. Rev 12:9 - Dragon = Satan.

തീ നിറം- രക്തം- ഈ great Tribulation period ലെ blood shedനു ചേർന്ന വണ്ണം 10horn=10kings (Dan 7: 24) മൃഗത്തോടൊന്നിച്ച് അധികാരം നടത്തുന്ന 10 രാജാക്കന്മാർ [Dan 7:7, Rev 13: 1 മൃഗം]

സാത്താന്റെ ആധിപത്യം ഭൂമിയിൽ മാത്രമല്ല. സ്വർഗ്ഗസ്ഥലങ്ങളിലും വ്യാപിച്ചിരുന്നു. ദൂതന്മാരിൽ വലിയൊരു സംഘം അവനോടൊത്താണ് എന്ന് ഈ വാക്യത്തിൽ നിന്നും മനസിലാക്കുന്നു.

www.gospelinmalayalam.com

(3) **MALE CHILD**

Matt. 2: 16 (R) സ്ത്രീ പ്രസവിച്ച കുട്ടി - കർത്താവായ യേശു ക്രിസ്തു.- യേശുവിൻ ജനനത്തിങ്കൽ അവനെ നശിപ്പിപ്പാനായി സാത്താൻ ഹേരോദാവിലൂടെ ആജ്ഞ പുറപ്പെടുവിച്ചു.

Lk.4:1-13 യേശുവിനെ പരീക്ഷിച്ചു പരാജയപ്പെടുത്താൻ നോക്കി. ജയിച്ചില്ല.

യേശുവിനെ കുറ്റം ചുമത്തി ക്രൂശിൽ തറച്ചു കൊന്നു. പക്ഷെ അവിടെയും സാത്താൻ ജയിച്ചില്ല.

Lk.24:5 പരിശുദ്ധാത്മ ശക്തിയിൽ അവൻ ഉയർത്തെഴുന്നേറ്റു.

12: 5 സകല ജാതികളെയും ഇരുമ്പുകോൽ കൊണ്ട് മേയ്പാനുള്ള ഒരു ആൺകുട്ടി- മശിഹാ തന്നെ. ലോക ജീവിതം പൂർത്തിയാക്കി, പിതാവ് ഏല്പിച്ച ജോലി ചെയ്തു തീർത്തിട്ട്- ദൈവ സിംഹാസനത്തിലേക്കു എടുക്കപ്പെട്ടു.

Ps 2:9 [ഇരുമ്പു കോൽ] Rev 19: 15 [sharp sword] Male child- Lord Jesus, catching up = Ascension.

12: 6 (R) മരുഭൂമിയിലേക്ക് സ്ത്രീ ഓടിപ്പോയി. അവളെ അവിടെ ദൈവം ഒരുക്കിയ ഒരു സ്ഥലത്ത് കാത്തു സൂക്ഷിക്കുന്നു. Zach.5:11. 31/2 years Israel will enjoy God's special protection aganist Anti christ. Hosea.2:14

- Great Tribulation ന്റെ ആരംഭത്തിൽ Israel ഓടിപ്പോകേണ്ടി വരും എന്ന് കർത്താവും പ്രവചിച്ചു Math 24:16 Mark 13:14, Daniel.7:25, 12:7

- 40 വർഷം മരുഭൂമിയിൽ യിസ്രായേൽ ജനത്തെ പാലിച്ച ദൈവം ഈ 3 $^1/_2$ വർഷവും അവരെ അതിശയകരമായ രീതിയിൽ കാക്കും. 1260 days 3 $^1/_2$ years Time- Times and half a time.

(4) നാലാമത്തെ Personage: Michael

12: 7 -

Ref Jude:9 സഭായുഗകാലമത്രയും Satan സകല മണ്ഡലങ്ങളിലും Active ആണ്. അവന്റെ മേൽ Restriction ഇല്ല.

Acts.5:3, 1 Cor.5:5, 7:5, 2 Cor.2:11, 11: 14, 12: 7, 1 Tim.1: 20 1 Pet.5:8 സാത്താന്റെ ബന്ധനം ഒരു Future event ആണ്. Rev 20:1-3 in the Millenial Kingdom.

12: 8-9 (R) സാത്താന്റെ ഇപ്പോഴത്തെ പണി- Accuse the saints. Job.1:6, Rev 12:10 മഹോപദ്രവം തുടങ്ങുമ്പോൾ- Tribulation ന്റെ Middle ൽ സാത്താനെ ഭൂമിയിലേക്കു തള്ളിയിടും. ബന്ധിക്കുന്നത് Great Tribution period ന്റെ end ൽ. സാത്താനെ ഭൂമിയിലേക്കു തള്ളിയിടുമ്പോൾ. എല്ലാ Demons ഉം അവനോടൊത്ത് ഉണ്ടാകും.

12:10-12(R) സാത്താനെ ജയിച്ചത്- കുഞ്ഞാടിന്റെ രക്തവും, തങ്ങളുടെ സാക്ഷ്യ വചനവും ഹേതുവായി സ്വർഗ്ഗം സന്തോഷിക്കുന്നു- എന്നാൽ ഭൂമിക്കു warning. സാത്താൻ തനിക്കു അല്പകാലമേ ഉള്ളൂ എന്നറിഞ്ഞ് മഹാ ക്രോധത്തോടെ ഇറങ്ങി വന്നിരിക്കുന്നു.

**OFFSPRING OF THE WOMAN**

(5) 12:13 ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയെ ഉപദ്രവിച്ചു തുടങ്ങി- He starts persecuting the Nation Israel.

12:14 - ഒരു സ്ഥലം ദൈവം ഒരുക്കിയിട്ടുണ്ട്. അത് ഏതെന്ന് ആർക്കും അറിയില്ല. എന്നാൽ "petra" എന്ന സ്ഥലമാണെന്ന് ചിലരൊക്കെ അഭിപ്രായപ്പെടുന്നു. South of Dead Sea. ഈ പട്ടണത്തിന് ഒരു Narrow entrance- രണ്ടു വശവും ഉയർന്ന പാറക്കെട്ടുകളാൽ നിറഞ്ഞിരിക്കുന്നു. 7-ാം അദ്ധ്യായത്തിൽ നാം കണ്ട 144000 പേരെയും ഇവിടെയാണു Protect ചെയ്യാൻ പോകുന്നതെന്നും പലരും ചിന്തിക്കുന്നു. അനേകായിരം പേരെ സൂക്ഷിക്കാൻ പറ്റിയ വിശാലമായ ഒരു പ്രദേശമാണിത്.

- എന്തായാലും ഒന്നു തീർച്ച- യിസ്രായേൽ ദൈവശക്തിയാൽ കാക്കപ്പെടുന്നു.

www.gospelinmalayalam.com

Two wings: ദൈവശക്തിയെ കാണിക്കുന്നു. Ref Exo.19:4 Duet.32:11-12 Mark.13:14, Luke.21:12

[ മരുഭൂമിയെന്നും, മലയെന്നും രണ്ടു വിവരണം കാണുന്നു- രണ്ടും മരുഭൂമിയിൽ അതായത് "wilderners" ൽ തന്നെ]

- How long: 31/2 Years. 2nd half of Tribulation period- The Great Tribulation Dan.7:25, 12:7. 42 months Rev.11: 2, Rev.13: 5

12:15-17 വെള്ളം- ലോകജാതികൾ. Israel നെതിരെ പൊരുതാൻ സാത്താൻ ലോകജാതിയെ ഇളക്കുന്നു. എന്നാൽ ദൈവശക്തിയാൽ കാക്കപ്പെടുന്ന യിസ്രായേലിനെ ഉന്മൂലനാശം വരുത്തുവാൻ സാത്താനു കഴിയുകയില്ല. "ഭൂമി വായ്തുറന്നു വിഴുങ്ങി". super natural way of God's protection നെ ഇതു കാണിക്കുന്നു.

എങ്കിലും അവൻ അടങ്ങിയിരിക്കുന്നില്ല. അവരോട് യുദ്ധം ചെയ്യാൻ അവൻ പുറപ്പെട്ടു.

കടപ്പുറത്തെ മണലിന്മേൽ നിന്നു- Abraham- നിന്റെ സന്തതി "ആകാശത്തിലെ നക്ഷത്രം" & കടപ്പുറത്തെ മണൽ. മണലിന്മേൽ അവൻ നിന്നു...?

www.gospelinmalayalam.com



Fleettech, Puthuppally 0481 2351 626